040309

Pl. enclose copy to TH section/LW section/TF/VC/TQ/TA/IT section & put on website

# കേരള സർക്കാർ

നം.അഗ്രി-എഎഫ് 1/79/2015-അഗ്രി.

കൃഷി (ഫാംസ്) വകുപ്പ്.
തിരുവനന്തപുരം
തീയതി: 20.09.2016

പ്രിൻസിപ്പൽ സെക്രട്ടറി

**ഡയറക്ടർ,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,**
**തിരുവനന്തപുരം**

സർ

വിഷയം : - കൃഷി വകുപ്പ് – കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകൾ, നഴ്സറികൾ എന്നീ സ്ഥാപനങ്ങൾക്ക് കറന്റ് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) 29.05.2015 ലെ താങ്കളുടെ റ്റിപി.(1)22211/2015 നമ്പർ കത്ത്
2) 27.06.2015, 31.07.2015, 17.12.2015, 18.05.2016 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ .
3) 09/08/2017 ലെ സ.ഉ(സാധാ) 6305/2017/ധന

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫാം തൊഴിലാളികളുടെ ഇപിഎഫ് വിഹിതം ഓൺലൈനായി അടയ്ക്കുന്നതിന് കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളുടേയും പേരിലും കൃഷി വകുപ്പിന് കീഴിലുള്ള ലാബുകളിലെ സ്ഥിരം തൊഴിലാളികളുടെ ഇപിഎഫ്, ഇഎസ്ഐ (ESI) എന്നിവ ഓൺ ലൈനായി അടക്കുന്നതിനായി കൺട്രോളിങ് ഓഫീസർ/ ഓഫീസ് തലവന്റെ പേരിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 09/08/2017 ലെ സ.ഉ(സാധാ) 6305/2017/ധന ഉത്തരവിന്റെ പകർപ്പ് അനന്തര നടപടിക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**കോരുള.കെ.ജേക്കബ്**
**അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

22 SEP 2017

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

dt 28/12/17

Endt. No: TP(1) 40809/2017
Copy communicated to TH/LW/TF/VC/TQ/TA & IT section for information & necessary action

28/12/17
Deputy Director of Agriculture (Eng)
for Director of Agriculture
Thiruvananthapuram

(3)

**കേരള സർക്കാർ**

സംഗ്രഹം

ഫാം തൊഴിലാളികളുടെ ഇപിഎഫ് വിഹിതം ഓൺലൈനായി അടക്കുന്നതിന് കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളുടെയും പേരിലും കൃഷി വകുപ്പിന് കീഴിലുള്ള ലാബുകളിലെ സ്ഥിരം തൊഴിലാളികളുടെ ഇപിഎഫ്, ഇഎസ്ഐ (ESI) എന്നിവ ഓൺ ലൈനായി അടക്കുന്നതിനായി കൺട്രോളിങ് ഓഫീസർ/ ഓഫീസ് തലവന്റെ പേരിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

*ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്*

സ.ഉ. (സാധാ) നം. **6305/2017/ധന.**

തിരുവനന്തപുരം, തീയതി **09.08.2017**

പരാമർശം - കൃഷി വകുപ്പ് ഡയറക്ടറുടെ 22.06.2015 ലെ No. TP(1) 2221/2015 & 01.07.2015 ലെ LW (2)29320/15 നമ്പരായുള്ള കത്തുകൾ

**ഉത്തരവ്**

ഫാം തൊഴിലാളികളുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന ഇപിഎഫ് വിഹിതം ഓൺലൈനായി അടക്കുന്നതിന് കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളുടെയും പേരിലും കൃഷി വകുപ്പിന് കീഴിലുള്ള ലാബുകളിലെ സ്ഥിരം തൊഴിലാളികളുടെ ഇപിഎഫ്, ഇഎസ്ഐ (ESI) എന്നിവ ഓൺ ലൈനായി അടക്കുന്നതിനായി കൺട്രോളിങ് ഓഫീസർ/ ഓഫീസ് തലവന്റെ പേരിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കൃഷി വകുപ്പ് ഡയറക്ടർ പരാമർശ കത്തുകളിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു. കൂടാതെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മുണ്ടേരി ഫാമിലും പാലക്കാട് ജില്ലയിലെ കണ്ണന്നൂർ സ്റ്റേറ്റ് സീഡ് ഫാമിലും എറണാകുളം ജില്ലയിലെ ഒക്കൽ സ്റ്റേറ്റ് സീഡ് ഫാമിലും തൊഴിലാളികളുടെ ഇപിഎഫ് വിഹിതം ഓൺലൈനായി അടക്കുന്നതിന് വേണ്ടി മാത്രം ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് കൃഷി ഡയറക്ടർ നൽകിയ അനുമതിക്ക് സാധൂകരണം നൽകണമെന്നും കൃഷി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളുടെയും പേരിലും കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ലാബുകളിലെയും കൺട്രോളിങ് ഓഫീസർ/ ഓഫീസ് തലവന്റെ പേരിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ സർക്കാർ അനുമതിയില്ലാതെ തൊഴിലാളികളുടെ ഇപിഎഫ് വിഹിതം ഓൺലൈനായി അടക്കുന്നതിന് വേണ്ടി മാത്രം കൃഷി ഡയറക്ടർ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കാൻ അനുമതി നൽകിയ നടപടി സാധൂകരിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കൃഷി വകുപ്പ് ., തിരുവനന്തപുരം.
കൃഷി (AF) വകുപ്പ് (e-file No: AGRI-AF1/79/2015-AGRI പ്രകാരം)
ധനകാര്യ (Agri.A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ